


കൊല്ലം ശ്രീനാരായണ വനിതാകോളജ് വാർത്താപത്രിക 2020-2021

## ധ്വനിയിലേക്ക് വീണ്ടും...



കൊല്ലം ശ്രീനാരായണ വനിതാകോളജ് - വിദ്യാഭ്യാസചരിത്രത്തിൽ പഠനമികവിന്റെയും കലാകായികമികവിന്റെയും പ്രബുദ്ധതയോടെ നിൽക്കുന്ന പെൺകരുത്തിന്റെ ഭൂമിക. ഗുരുദേവാനുഗ്രഹങ്ങളുടെ നിറവുള്ള പുണ്യഭൂമി. സർഗ്ഗാത്മകതയിലൂടെ സംവാദാത്മകതയിലേക്ക് എന്ന ലക്ഷ്യത്തിലൂന്നിയാണ് കോളജിലെ അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ 2020-21 വർഷം കോവിഡ് മഹാമാരിയും തുടർന്നുണ്ടായ ലോക്ഡൗണും കോളജിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് കുറച്ചൊക്കെ ഭംഗം വരുത്തി. എന്നാൽ ആ സന്ദർഭത്തിലും അർപ്പണമനോഭാവവും കഠിനാദ്ധ്വാനവും നമ്മെ അതിജീവനത്തിനു പ്രാപ്തരാക്കി. പഠനത്തിനും സ്നേഹക്കൂട്ടായ്മകൾക്കും വെർച്വൽ സ്പേസ് നമുക്കു വേദിയായി. എഫ്.ഡി.പി. കോഴ്സുകൾ , ഇ-ലേണിംഗ് വർക്ക്ഷോപ്പ്, ഓൺലൈൻ ക്ലാസുകൾ എന്നിവയിലൂടെ സാങ്കേതികവിദ്യയുടെ സമുചിത പ്രയോഗത്തിന് അധ്യാപകരും വിദ്യാർത്ഥികളും പ്രാപ്തരായി. പ്രതികൂല പരിതസ്ഥിതികളെ അനുകൂലമാക്കി മാറ്റാനുള്ള യത്നത്തിലായിരുന്നു നാം. അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കൂട്ടായ പ്രവർത്തനവും സഹകരണ മനോഭാവവും ഇതിൽ വലിയ പങ്കു വഹിച്ചിട്ടുണ്ട്. അതിജീവനവഴിയിലെ ഈ പ്രവർത്തനങ്ങളുടെ ലഘുരൂപരേഖയാണ് ധ്വനി വാർത്താപത്രിക. നമ്മുടെ ഐക്യവും ഇച്ഛാശക്തിയും കോളജ് ഓഫ് എക്സലൻസ് എന്ന ലക്ഷ്യപ്രാപ്തിയിലേക്കു നമ്മെ നയിക്കുമെന്ന ശുഭപ്രതീക്ഷയോടെ....

**ഡോ. നിഷ ജെ. തറയിൽ**
പ്രിൻസിപ്പാൾ
എസ്.എൻ. വനിതാകോളജ്, കൊല്ലം

## ഗുരുമന്ദിരസമർപ്പണം നടത്തി

എസ്.എൻ. വനിതാകോളജ് അങ്കണത്തിൽ സ്ഥാപിച്ച ഗുരുമന്ദിരത്തിന്റെ സമർപ്പണം എസ്.എൻ. ട്രസ്റ്റ് ജനറൽ സെക്രട്ടറി ശ്രീ. വെള്ളാപ്പള്ളി നടേശൻ നിർവഹിച്ചു. ശ്രീമതി പ്രീതി നടേശൻ, ഡോ. ജി. ജയദേവൻ, എസ്.എൻ.ട്രസ്റ്റ് എക്സിക്യൂട്ടീവ് മെമ്പർ ശ്രീ. മോഹൻശങ്കർ, എസ്.എൻ.ഡി.പി. യോഗം കൊല്ലം യൂണിയൻ സെക്രട്ടറി ശ്രീ. എൻ. രാജേന്ദ്രൻ ഉൾപ്പെടെയുള്ള പ്രമുഖ വ്യക്തികൾ സമർപ്പണച്ചടങ്ങിൽ പങ്കെടുത്തു.





തുടർന്നു നടന്ന പ്രതിഭാസംഗമത്തിൽ ശ്രീമതി പ്രീതി നടേശൻ അവാർഡുകൾ വിതരണം ചെയ്തു. വിവിധ രംഗങ്ങളിൽ മികവു തെളിയിച്ച അദ്ധ്യാപകരെയും, വിദ്യാഭ്യാസ കലാകായിക രംഗങ്ങളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥിനികളെയും ചടങ്ങിൽ ആദരിച്ചു. പ്രിൻസിപ്പാൾ ഡോ. നിഷ ജെ. തറയിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഡോ. നിഷ വി. സ്വാഗതവും ഡോ. രേഖ വി.വി. നന്ദിയും പറഞ്ഞു.

## ധ്വനിയിലേക്ക്
### സ്നേഹപൂർവ്വം...



കൊല്ലം ശ്രീനാരായണ വനിതാകോളേജിന്റെ 'ധ്വനി'വാർത്താപത്രികയുടെ രണ്ടാംലക്കം പ്രസിദ്ധീകരിക്കുന്നതിൽ ഏറെ അഭിമാനവും ചാരിതാർത്ഥ്യവുമുണ്ട്. കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികളിലൂടെയും അവയെ സംയമനത്തോടെ സധൈര്യം നേരിട്ട സമൂഹത്തിലൂടെയുമാണ് പോയവർഷം നാം കടന്നുപോയത്. കഴിഞ്ഞവർഷം കലാലയം ഏറെക്കുറെ നിശ്ശബ്ദമായിരുന്നു. എന്നാൽ ആ നിശ്ശബ്ദത പഠനത്തെയോ പാഠ്യേതര പ്രവർത്തനങ്ങളെയോ സാരമായി ബാധിച്ചില്ല. മറിച്ച് ആ സാഹചര്യം വെർച്വൽ ലോകത്തിന്റെ അനന്തസാദ്ധ്യതകൾ നമുക്കു മുന്നിൽ തുറക്കുകയായിരുന്നു. പഠനവും പഠനാനുബന്ധപ്രവർത്തനങ്ങളും ഓൺലൈൻ സംവിധാനത്തിലൂടെ നാം സുസാദ്ധ്യമാക്കി. വെബിനാറുകൾ വൻകരകൾക്കപ്പുറമുള്ള അറിവിന്റെ ലോകം നമ്മിലേക്കെത്തിച്ചു. വീട്ടകങ്ങൾ വിദ്യാലയങ്ങളും പരീക്ഷണശാലകളുമായി മാറി. ആ അതിജീവനത്തിന്റെ സാക്ഷ്യങ്ങളാണ് 'ധ്വനി'യുടെ താളുകളിൽ തെളിയുന്നത്. സന്തോഷപൂർവ്വം ധ്വനി സമർപ്പിക്കട്ടെ!

എഡിറ്റർ
ഡോ. ലക്ഷ്മി വി.എസ്.
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
എസ്.എൻ.വനിതാ കോളജ്, കൊല്ലം

## ഓൺലൈൻ വർക്ഷോപ്പ്

മൂന്നാംവർഷ ഡിഗ്രി വിദ്യാർത്ഥിനികൾക്കുവേണ്ടി Doing dissertation in History എന്ന വിഷയത്തിൽ ഹിസ്റ്ററി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 8-11-2020 ന് ഓൺലൈൻ വർക്ഷോപ്പ് സംഘടിപ്പിച്ചു. ആലുവ യു.സി. കോളേജ് അദ്ധ്യാപകൻ ഡോ. സെബാസ്റ്റ്യൻ ജോസഫ് ക്ലാസ് നയിച്ചു. കോളജ് പ്രിൻസിപ്പാൾ ഡോ. നിഷ ജെ. തറയിൽ അദ്ധ്യക്ഷത വഹിച്ചു. ഹിസ്റ്ററി വിഭാഗം അദ്ധ്യക്ഷൻ ഷിബു റ്റി., അദ്ധ്യാപികമാരായ ലാലിനി എം., മണി വി. എന്നിവർ പ്രസംഗിച്ചു.

# റാങ്കുകളുടെ നിറവിൽ എസ്.എൻ. വനിതാകോളജ്

കേരള സർവകലാശാല 2020-ൽ നടത്തിയ ബി.എ., ബി.എസ്.സി., ബി.കോം. പരീക്ഷകളിൽ മികച്ച വിജയംനേടി എസ്.എൻ. വനിതാ കോളജ്. ബി.എസ്.സി. ബോട്ടണിയിൽ മഞ്ജു ഒന്നാം റാങ്ക് നേടി. ഹിന്ദിയിൽ സായികൃഷ്ണ എം.എസ്. രണ്ടാം റാങ്കും, ദിവ്യാഉണ്ണി ജി. നാലാം റാങ്കും, വിനുശ്രീ ബി. എട്ടാം റാങ്കും, കാർത്തിക എം.എസ്. പത്താം റാങ്കും കരസ്ഥമാക്കി. ഇംഗ്ലീഷിൽ ആരതി എ. മൂന്നാം റാങ്കും, അപർണ്ണ രഘുനാഥൻ നാലാം റാങ്കും നേടി. ഹോംസയൻസിൽ ലക്ഷ്മിമോഹന് രണ്ടാം റാങ്കും, അനാമിക യു.പി.ക്ക് അഞ്ചാം റാങ്കും ലഭിച്ചു. മ്യൂസിക്കിൽ ഭാവിക ലാൽ നാലാം റാങ്ക് നേടി. മലയാളത്തിൽ ശ്രീലക്ഷ്മി എസ്.ന് അഞ്ചാം റാങ്ക് ലഭിച്ചു. മാത്തമാറ്റിക്സിൽ ഹാജറ ബി. ആറാം റാങ്ക് നേടി. എക്കണോമിക്സിൽ തൃഷ്ണ എം.ആർ., കൊമേഴ്സിൽ അനഘ എ. എന്നിവർക്ക് എട്ടാം റാങ്കും ലഭിച്ചു. സുവോളജിയിൽ മീനാക്ഷി എസ്. എട്ടാം റാങ്ക് നേടി.

ഒന്നാം റാങ്ക്

മഞ്ജു
(ബോട്ടണി)

രണ്ടാം റാങ്ക്

സായികൃഷ്ണ
(ഹിന്ദി)

രണ്ടാം റാങ്ക്

ലക്ഷ്മിമോഹൻ
(ഹോംസയൻസ്)

മൂന്നാം റാങ്ക്

ആരതി
(ഇംഗ്ലീഷ്)

നാലാം റാങ്ക്

ദിവ്യാഉണ്ണി
(ഹിന്ദി)

നാലാം റാങ്ക്

അപർണ
(ഇംഗ്ലീഷ്)

നാലാം റാങ്ക്

ഭാവിക ലാൽ
(മ്യൂസിക്)

അഞ്ചാം റാങ്ക്

അനാമിക
(ഹോംസയൻസ്)

അഞ്ചാം റാങ്ക്

ശ്രീലക്ഷ്മി
(മലയാളം)

ആറാം റാങ്ക്

ഹാജറ
(മാത്തമാറ്റിക്സ്)

എട്ടാം റാങ്ക്

വിനുശ്രീ
(ഹിന്ദി)

എട്ടാം റാങ്ക്

മീനാക്ഷി
(സുവോളജി)

എട്ടാം റാങ്ക്

തൃഷ്ണ
(എക്കണോമിക്സ്)

എട്ടാം റാങ്ക്

അനഘ
(കൊമേഴ്സ്)

പത്താം റാങ്ക്

കാർത്തിക
(ഹിന്ദി)

# വനമഹോത്സവാചരണം




കൊല്ലം എസ്.എൻ. വനിതാകോളജിൽ നടന്ന വനമഹോത്സവാചരണം മൃഗസംരക്ഷണ വകുപ്പുമന്ത്രി ജെ. ചിഞ്ചുറാണി ഉദ്ഘാടനം ചെയ്യുന്നു

**എ**സ്.എൻ. വനിതാകോളജിന്റെയും കൊല്ലം സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെയും സംയുക്താഭിമുഖ്യത്തിൽ നടന്ന വനമഹോത്സവാചരണം മൃഗസംരക്ഷണവകുപ്പുമന്ത്രി ജെ. ചിഞ്ചുറാണി ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ ജോ. നിഷ ജെ. തറയിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ വനംവകുപ്പ് കൊല്ലം സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് കൺസർവേറ്റർ വി.ജി. അനിൽകുമാർ, എസ്.എൻ.ട്രസ്റ്റ് ട്രഷറർ ഡോ. ജി. ജയദേവൻ, എസ്.എൻ.ട്രസ്റ്റ് റിസർച്ച് ഓഫീസർ ഡോ. ആർ. രവീന്ദ്രൻ തുടങ്ങിയവർ പ്രസംഗിച്ചു. ബോട്ടണി വിഭാഗം അദ്ധ്യാപകരായ പി.ജെ. അർച്ചന സ്വാഗതവും ഡോ. എസ്. ശേഖരൻ നന്ദിയും പറഞ്ഞു.

## പങ്കാളിത്തഗ്രാമപദ്ധതി ഉദ്ഘാടനം

എൻ.എസ്.എസ്. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന പങ്കാളിത്ത ഗ്രാമപദ്ധതിയുടെ ഉദ്ഘാടനം ഇരവിപുരം എം.എൽ.എ, എം. നൗഷാദ് നിർവഹിച്ചു. ഈ പദ്ധതി പ്രകാരം കൊറ്റങ്കര പഞ്ചായത്തിലെ പതിനാറാം വാർഡാണ് എൻ.എസ്.എസ്. യൂണിറ്റ് ഏറ്റെടുത്തിരിക്കുന്നത്. അടുത്ത മൂന്നു വർഷത്തേക്ക് ഈ വാർഡിൽ നടത്താനുദ്ദേശിക്കുന്ന സേവന പദ്ധതികളുടെ രൂപരേഖ യോഗത്തിൽ പ്രദർശിപ്പിച്ചു. സോഷ്യോ എക്കണോമിക് സർവേ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ, പൊതുവിജ്ഞാനബോധനം, ഊർജ്ജസംരക്ഷണ ബോധവൽക്കരണം, മഴക്കുഴി ബോധവൽവൽക്കരണം, ജൈവകൃഷി എന്നിവ ഈ പദ്ധതികളിൽ ഉൾപ്പെടുന്നുണ്ട്.




എൻ.എസ്.എസ്. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന പങ്കാളിത്ത ഗ്രാമപദ്ധതിയുടെ ഉദ്ഘാടനം ഇരവിപുരം എം.എൽ.എ, എം. നൗഷാദ് നിർവഹിക്കുന്നു.

## സുവോളജി സെമിനാർ

വന്യജീവിവാരാചരണത്തിന്റെ ഭാഗമായി 18-9-2020 ന് Invesive species in Kerala എന്ന വിഷയത്തിൽ സുവോളജി വിഭാഗവും മ്യൂസിയം ആന്റ് സൂ വിഭാഗവും സംയുക്തമായി വെബിനാർ സംഘടിപ്പിച്ചു. മ്യൂസിയം ആന്റ് സൂ ഡയറക്ടർ എസ്. അബു വെബിനാർ ഉദ്ഘാടനം ചെയ്തു. KERF ശാസ്ത്രജ്ഞൻ ഡോ. ടി.വി. സജീവ് പ്രഭാഷണം നടത്തി. പ്രിൻസിപ്പാൾ ഡോ. നിഷ ജെ. തറയിൽ അദ്ധ്യക്ഷത വഹിച്ച വെബിനാറിൽ സുവോളജി വിഭാഗം അദ്ധ്യക്ഷ ഡോ. ഉഷ സ്വാഗതവും അസിസ്റ്റന്റ് പ്രൊഫസർ നിഷ നന്ദിയും പറഞ്ഞു.

## സഹജയോഗാക്ലാസ്



അന്താരാഷ്ട്ര യോഗാദിനത്തോട് അനുബന്ധിച്ച് എൻ.എസ്.എസ്. യൂണിറ്റ് സഹജയോഗാക്ലാസ് സംഘടിപ്പിച്ചു. സഹജയോഗാ എറണാകുളം ജില്ലാ കോർഡിനേറ്റർ സുഭാഷ് കെ. സഹജയോഗ ബോധവൽക്കരണം നടത്തി. പ്രിൻസിപ്പാൾ ഡോ. നിഷ ജെ. തറയിൽ, കൊല്ലം ജില്ലാ സഹജയോഗാ കോർഡിനേറ്റർ കെ. സുരേഷ്, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാരായ പ്രദീപ് എസ്., ദേവിപ്രിയ ഡി. എന്നിവർ പങ്കെടുത്തു. കോളജിലെ വിവിധ വിഭാഗങ്ങളിൽ നിന്നുള്ള അദ്ധ്യാപകരും അനദ്ധ്യാപകരും വിദ്യാർത്ഥിനികളും വെബിനാറിൽ പങ്കാളികളായി.

## റാബിസ്ദിനം വെബിനാർ

ലോകറാബിസ് ദിനത്തിന്റെ ഭാഗമായി ജില്ലാ മെഡിക്കൽ ഓഫീസ്, സുവോളജി വിഭാഗം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ വെബിനാർ സംഘടിപ്പിച്ചു. Prevents Rabbies Ensure Vaccination എന്ന വെബിനാർ കൊല്ലം കളക്ടർ അബ്ദുൾ നാസർ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ ഡോ. നിഷ ജെ. തറയിൽ അദ്ധ്യക്ഷത വഹിച്ച വെബിനാറിൽ ഡോ. ആർ.സന്ധ്യ, ഡോ. ആര്യ എന്നിവർ പ്രസന്റേഷൻ നടത്തി. ജില്ലാ മൃഗസംരക്ഷണവകുപ്പ് ഓഫീസർ ഡോ. ഡി.സുഷമ, ഡെപ്യൂട്ടി ഡി.എം.ഒ. ഡോ. സി. ആർ. ജയശങ്കർ, ഡോ. ജെ. മണികണ്ഠൻ, ഡോ.കെ. ശശി എന്നിവർ ആശംസകളർപ്പിച്ചു. ഡോ. ഹരികുമാർ സ്വാഗതവും സി.ഇ.എം. ഒ. ദിലീപ്ഖാൻ നന്ദിയും പറഞ്ഞു.

## അടച്ചിരിപ്പിൽ ആഹ്ലാദമായി ക്രിയേറ്റീവ് ക്രസന്റ്

ലോക്ഡൗണിലെ വിരസവേളകൾ സർഗ്ഗാത്മകമാക്കി ഹോം സയൻസ് വിഭാഗത്തിന്റെ ക്രിയേറ്റീവ് ക്രസന്റ് ഓൺലൈൻ ശില്പശാല ശ്രദ്ധേയമായി. 2020 ഒക്ടോബർ 17 മുതൽ 20 വരെ നീണ്ടുനിന്ന ശില്പശാലയിൽ ഫാൻസി, ഫേബ്രിക്, ഫുഡ്ക്രാഫ്റ്റ് തുടങ്ങിയവയുടെ നിർമ്മാണനൈപുണികൾ പരിചയപ്പെടുത്തി. ശനിയാഴ്ചകളിൽ നടത്തിയ ഓൺലൈൻ ശില്പശാലയിൽ ഹോംസയൻസ് വിഭാഗം വിദ്യാർത്ഥിനികൾ തന്നെയാണ് മറ്റു വിഷയങ്ങളിലെ വിദ്യാർത്ഥിനികൾക്ക് പരിശീലനം നൽകിയത്. ക്ലോത് ബാഗ് ആൻഡ് പൗച്ച് മേക്കിംഗ്, ബോട്ടിൽ ആർട്ട്, കേക്ക് മേക്കിംഗ് ആൻഡ് ഐസിംഗ്, ടെറേറിയം മേക്കിംഗ്, ലിക്വിഡ് എംബ്രോയിഡറി, ഹാൻഡ് എംബ്രോയ്ഡറി എന്നിവയിൽ യഥാക്രമം പാർവതി ശിവകുമാർ, അനഘ ശ്രീലാൽ, ടിൽസാ എസ്. ലൂക്കോസ്, രേഖ അനിൽകുമാർ, സാന്ദ്ര സുരേഷ് എന്നിവർ ക്ലാസ് എടുത്തു. സൃഷ്ടിപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും സ്വയംസംരഭകത്വത്തിൽ താല്പര്യമുണ്ടാക്കുന്നതിനും പര്യാപ്തമായിരുന്നു ശിലപശാലയെന്ന് വിദ്യാർത്ഥിനികൾ അഭിപ്രായപ്പെട്ടു.

## ARE OUR FOREST REAL?

Cross Roads 2020 അന്താരാഷ്ട്ര വെബിനാർ സീരീസിന്റെ ഭാഗമായി ജ്യോഗ്രഫി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 22-7-2022 ന് വെബിനാർ സംഘടിപ്പിച്ചു. Are our Forest Real എന്ന വിഷയത്തിൽ ജർമനിയിലെ ലെബ്നിസ് അഗ്രിക്കൾച്ചറൽ ആന്റ് ലാന്റ്സ്കേപ്പ് റിസർച്ച് സെന്ററിലെ ശാസ്ത്രജ്ഞ ഡോ. ധന്യ വിജയൻ മുഖ്യ പ്രഭാഷണം നടത്തി.

## ഹിസ്റ്ററി വെബിനാർ

Pandemic Impact of Education എന്ന വിഷയത്തിൽ ഹിസ്റ്ററി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 20-7-2020 ന് വെബിനാർ നടത്തി. ഡോ. ദീപാശങ്കർ (Chief of Education, UNICEF, Usbekistan) വെബിനാറിൽ മുഖ്യപ്രഭാഷണം നടത്തി. ഹിസ്റ്ററി വിഭാഗം അദ്ധ്യാപകരായ ലാലിനി എം., മണി വി., പ്രദീപ് എസ്. എന്നിവർ മോഡറേറ്റർമാരായിരുന്നു. Cross roads 2020 അന്താരാഷ്ട്ര വെബിനാർ സീരീസിന്റെ ഭാഗമായാണ് സെമിനാർ സംഘടിപ്പിച്ചത്.

## Cross Road 2020 കൊമേഴ്സ് വെബിനാർ

ക്രോസ് റോഡ്സ് 2020 വെബിനാർ പരമ്പരയുടെ ഭാഗമായി കൊമേഴ്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 2021 ജൂലൈ 30 ന് വെബിനാർ സംഘടിപ്പിച്ചു. Financial Market Trends: Paradigm Shift in the post pandemic Scenerio എന്ന വിഷയത്തിൽ ഡോ.കവിതാ ചാവ്വി (Associate Professor, College of Commerce and Business administration, Dhophar University) പ്രഭാഷണം നടത്തി.

## ഇംഗ്ലീഷ്‌വിഭാഗം വെബിനാർ

Cross Roads 2020 ഇന്റർനാഷണൽ വെബിനാർ സീരീസിന്റെ ഭാഗമായി ഇംഗ്ലീഷ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 2020 ജൂൺ 30 ന് Ethnoliterature and Environment എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. ആസ്‌ട്രേലിയ സൗത്ത് ക്രോസ് യൂണിവേഴ്സിറ്റിയിലെ ഡോ. ജോൺ ചാൾസ്റയാൻ മുഖ്യ പ്രഭാഷണം നടത്തി.

## Cross Roads 2020
## മലയാളം വെബിനാർ

Cross Roads 2020 അന്തർദേശീയ വെബിനാർ പരമ്പരയുടെ ഭാഗമായി മലയാളവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 29-06-2020 ന് വെബിനാർ സംഘടിപ്പിച്ചു. ഓൺലൈൻ ടീച്ചിംഗ് ആന്റ് ലാംഗ്വേജ് ലേണിംഗ് എന്ന വിഷയത്തിൽ ഇഗ്നോ, ന്യൂഡൽഹി സ്കൂൾ ഓഫ് എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസർ ഡോ. അജിത്കുമാർ സി. മുഖ്യപ്രഭാഷണം നടത്തി. പ്രിൻസിപ്പാൾ ഡോ. നിഷ ജെ. തറയിൽ അദ്ധ്യക്ഷത വഹിച്ച വെബിനാറിൽ മലയാള വിഭാഗം അദ്ധ്യക്ഷ ഡോ. ആർ.എസ്. ജയ, വെബിനാർ കോഡിനേറ്റർ ഡോ. ബിജോയ് എം. എന്നിവർ പ്രസംഗിച്ചു.

## എൻ.എസ്.എസ്. വായനവാരം

വായനവാരാചരണത്തിന്റെ ഭാഗമായി എൻ.എസ്.എസ്. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പുസ്തക പരിചയം നടത്തി. പ്രസശ്ത നോവലുകളുടെ ഉള്ളടക്കം വോളന്റിയർമാർ മികച്ച രീതിയിൽ അവതരിപ്പിച്ചാണ് പുസ്തകം പരിചയപ്പെടുത്തിയത്. എൻ.എസ്.എസ്. വോളണ്ടിയർമാരായ കൃഷ്ണപ്രിയ എസ്, അക്ഷര എസ്.സി., വർഷ വി.എം., ആതിര എ. കുമാർ, ആദിത്യ ബി. നാഥ്, മഹിമ എം. എന്നിവർ നോവൽ അവതരണത്തിൽ പങ്കെടുത്തു. വായനയോടും സാഹിത്യത്തോടും താല്പര്യം വളർത്താൻ ഈ പരിപാടി സഹായകമായെന്ന് വിദ്യാർത്ഥിനികൾ അഭിപ്രായപ്പെട്ടു.

## ഉപഭോക്തൃസംരക്ഷണനിയമം വെബിനാർ

കൺസ്യൂമർ ക്ലബ്ബിന്റെയും കൊമേഴ്സ് വിഭാഗത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ 18-1-202 ന് ഉപഭോക്തൃസംരക്ഷണ നിയമം 2019 വെബിനാർ സംഘടിപ്പിച്ചു. അഭിഭാഷകനും അക്കാഡമീഷ്യനുമായി അഡ്വ.കെ.ജി. ബൈജു വെബിനാറിൽ മുഖ്യ പ്രഭാഷണം നടത്തി. പ്രിൻസിപ്പാൾ ഡോ. നിഷ ജെ. തറയിൽ അദ്ധ്യക്ഷത വഹിച്ചു. വെബിനാർ കോർഡിനേറ്റർ ഡോ. നിത്യ യു.എസ്., ഡോ. ബേണി ബി. രാജ്, ഡോ. ശില്പശശാങ്കൻ, അരുണി എസ്.ആർ, അശ്വതി എസ്.എം. എന്നിവർ പ്രസംഗിച്ചു.

## എൻ.എസ്.എസ്. പരിത്രാണം




പരിസ്ഥിതിദിനാചാരണത്തിന്റെ ഭാഗമായി എസ്.എൻ. വനിതാകോളജ് എൻ.എസ്.എസ്. യൂണിറ്റും ദേശീയ യുവജന കൗൺസിലും സംയുക്തമായി 29-5-2020 മുതൽ 5-6-2020 വരെ 'പരിത്രാണം' എന്ന പേരിൽ വൃക്ഷത്തൈ നടൽ പരിപാടി സംഘടിപ്പിച്ചു. ഇതോടനുബന്ധിച്ച് എല്ലാ എൻ.എസ്.എസ്. വോളണ്ടിയർമാരും അവരവരുടെ വീടുകളിൽ വൃക്ഷത്തൈകൾ നട്ടു.


## യോഗാ വെബിനാർ

അന്തർദ്ദേശീയ യോഗാദിനത്തിന്റെ ഭാഗമായി എസ്.എൻ.വനിതാകോളജ് എൻ.എസ്.എസ്. യൂണിറ്റും പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളജും സംയുക്തമായി യോഗയുടെ പ്രാധാന്യം (Importance of Yoga) എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. എസ്.എൻ. വനിതാകോളജ് പൊളിറ്റിക്സ് വിഭാഗം അദ്ധ്യാപകൻ പ്രദീപ് എസ്. വെബിനാറിൽ മുഖ്യപ്രഭാഷണം നടത്തി.

## എൻ.എസ്.എസ്. ദിനം 2020

എൻ.എസ്.എസ്. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 24-9-2020 ന് ഓൺലൈൻ എൻ.എസ്.എസ്. ദിനാഘോഷം നടത്തി. കോവിഡിനെതിരെ പോരാടിയവരോടുള്ള ആദരസൂചകമായി വീഡിയോ പ്രദർശനം, ലോക്കലി അവെയ്‌ലബിൾ വൈറ്റമിൻ സപ്ലിമെന്റ് എന്ന വിഷയത്തിൽ ബോധവൽക്കരണ പ്രഭാഷണം, കാർഷികബിൽ 2020 അവലോകനം, കൊറോണയ്ക്കു മുമ്പും പിമ്പും എന്ന വിഷയത്തിൽ ഡിബേറ്റ് എന്നിവ ഇതോടനുബന്ധിച്ചു നടത്തി.

## ത്വക്‌രോഗ സെമിനാർ




കമ്യൂണിറ്റി ഹെൽത്ത് ക്ലബ്ബിന്റെയും ഹോംസയൻസ് വിഭാഗത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ കൗമാരകാലത്വക്‌രോഗങ്ങൾ എന്ന വിഷയത്തിൽ വെബിനാർ നടത്തി. 10-2-2021 നു സംഘടിപ്പിച്ച സെമിനാറിൽ തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളജ് ത്വക്‌രോഗവിഭാഗം അഡീഷണൽ പ്രൊഫസർ ഡോ. പ്രിയ അശോക് പ്രഭാഷണം നടത്തി.

## ഫാബ്രിക് പെയിന്റിംഗ് ട്രെയിനിംഗ് പ്രോഗ്രാം

എൻ.എസ്.എസിന്റെ ആഭിമുഖ്യത്തിൽ 20-10-2020 ന് ഫാബ്രിക് പെയ്ന്റിംഗിൽ ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു. ഫെവിക്രിൽ സ്പെഷ്യലിസ്റ്റ് ടീച്ചർ മിസ്.രേഖ അനിൽകുമാർ ക്ലാസ് നയിച്ചു. ഗൂഗിൾമീറ്റ് പ്ലാറ്റ്ഫോമിൽ സംഘടിപ്പിച്ച ക്ലാസിൽ സ്റ്റെൻസിൽ പെയിന്റിംഗ്, സൺ പെയിന്റിംഗ്, ടൈ ആന്റ് ഡൈ, ബാതിക് എന്നിവയിൽ വിദ്യാർത്ഥിനികൾക്ക് പരിശീലനം നൽകി.

## ഹിന്ദിദിനാഘോഷം

ഹിന്ദി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 14-9-2021 ൽ ഹിന്ദി ദിനാഘോഷം നടത്തി. ഇതോടനുബന്ധിച്ച് Official Language Hindia and Carrier എന്ന വിഷയത്തിൽ പ്രഭാഷണം സംഘടിപ്പച്ചു. കണ്ണൂർ പഴശ്ശിരാജ എൻ.എസ്.എസ്. കോളജ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. സുമിത് പി.വി. ആയിരുന്നു. മുഖ്യപ്രഭാഷകൻ പ്രിൻസിപ്പാൾ ഡോ. നിഷ ജെ. തറയിൽ അദ്ധ്യക്ഷത വഹിച്ച വെബിനാറിൽ ഹിന്ദിവിഭാഗം അദ്ധ്യക്ഷ ഡോ. എ. മഞ്ജു, ഡോ. ഷീബ എം. ആർ., ഡോ.വീണ എന്നിവർ പ്രസംഗിച്ചു. ഡോ. രേഷ്മ നന്ദി പറഞ്ഞു.

## ട്രാൻസ്ലൈവ്സ് സെമിനാർ

Trans Lives Fighting for Survival എന്ന വിഷയത്തിൽ ഇംഗ്ലീഷ് വിഭാഗം 2021 മാർച്ച് 21 ന് സെമിനാർ സംഘടിപ്പിച്ചു. കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി പ്രൊജക്ട് മാനേജർ മിസ് നസീമ സെമിനാർ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ ഡോ. നിഷ ജെ. തറയിൽ അദ്ധ്യക്ഷത വഹിച്ച സെമിനാറിൽ Mx. ഇഷ, Mx. ആർദ്ര, Mx. വിശ്വേശ്വർ എന്നിവർ വിദ്യാർത്ഥിനികളുമായി ആശയസംവാദം നടത്തി.





23-10-2020 ന് എൻ.എസ്.എസ്സിന്റെ ആഭിമുഖ്യത്തിൽ കൊറ്റങ്കര പഞ്ചായത്തിൽ നടന്ന ഞാറുനടീൽ.

## കിടപ്പുരോഗികൾക്കു സാന്ത്വനമായി 'കരുതൽ'



എൻ.എസ്.എസ്. യൂണിറ്റ് കരുതൽ പദ്ധതിയുടെ ഭാഗമായി പങ്കാളിത്ത ഗ്രാമമായ കൊറ്റങ്കര പഞ്ചായത്തിലെ 16-ാം വാർഡിൽ വോളന്റിയർമാർ കിടപ്പുരോഗികളെ സന്ദർശിച്ച് ഭക്ഷണവും മരുന്നും വിതരണം ചെയ്തു. കോളേജ് പ്രിൻസിപ്പാൾ ഡോ. നിഷ ജെ. തറയിൽ, പ്രോഗ്രാം ഓഫീസർമാരായ ഡി.ദേവിപ്രിയ, എസ്. പ്രദീപ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു ഭവനസന്ദർശനവും പാലിയേറ്റീവ് പ്രവർത്തനങ്ങളും നടത്തിയത്.

## കൊയ്ത്തുത്സവം





എൻ.എസ്.എസിന്റെ ആഭിമുഖ്യത്തിൽ പങ്കാളിത്തഗ്രാമമായ കൊറ്റങ്കരയിലെ 16-ാം വാർഡിൽ 24-2-2021 ൽ കൊയ്ത്ത് ഉത്സവം നടത്തി. കൊറ്റങ്കര പഞ്ചായത്ത് പ്രസിഡന്റ് ആർ.ദേവദാസ് കൊയ്ത്തുത്സവം ഉദ്ഘാടനം ചെയ്തു. ഇതിനോട് അനുബന്ധിച്ചു നടന്ന യോഗത്തിൽ എസ്.എൻ.വനിതാകോളജ് പ്രിൻസിപ്പാൾ ഡോ. നിഷ ജെ. തറയിൽ അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്തിലെ വിവിധ വാർഡ് മെമ്പർമാരായ എസ്. മജീന, ശശികല സതീശൻ, ഏലാസമിതി മുൻ പ്രസിഡന്റ് കുഞ്ഞുകൃഷ്ണപിള്ള ഞെട്ടയിൽ ഏലാ വികസന സമിതി സെക്രട്ടറി ചന്ദ്രമോഹനൻപിള്ള എന്നിവർ പ്രസംഗിച്ചു. എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാരായ ദേവിപ്രിയ ഡി. സ്വാഗതവും പ്രദീപ് എസ്. കൃതജ്ഞതയും പറഞ്ഞു.

## സാമ്പത്തികാസൂത്രണവും യുവനിക്ഷേപകരും വെബിനാർ

ഗ്ലോബൽ മണി വീക്കിനോട് അനുബന്ധിച്ച ബോധവൽക്കരണയത്നത്തിന്റെ ഭാഗമായി കൊമേഴ്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 23-3-2021 ന് വെബിനാർ സംഘടിപ്പിച്ചു. വെബിനാറിൽ ടി.കെ.എം. ആർട്ട്സ് ആന്റ് സയൻസ് വിഭാഗം റിട്ട. അസോസിയേറ്റ് പ്രൊഫസർ ഡോ. എം.എൻ. ദയാനന്ദൻ മുഖ്യപ്രഭാഷണം നടത്തി. സാമ്പത്തികകാര്യങ്ങളെക്കുറിച്ച് ചെറുപ്രായത്തിൽ വിദ്യാർത്ഥിനികൾ ബോധവതികളായിരിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നതായിരുന്നു ഈ വെബിനാർ. പ്രിൻസിപ്പാൾ ഡോ. നിഷ ജെ.തറയിൽ അദ്ധ്യക്ഷത വഹിച്ച വെബിനാറിൽ കൊമേഴ്സ് വിഭാഗം അദ്ധ്യക്ഷ ഡോ. ബേണി ബി. രാജ് സ്വാഗതമാശംസിച്ചു. അദ്ധ്യാപകരായ സജിത എസ്, ഡോ. നിത്യ യു.എസ്., ഡോ. ശില്പാ ശശാങ്കൻ, അഡ്വ. കൗമുദി സി. എന്നിവർ പ്രസംഗിച്ചു.

## സിദ്ധചികിത്സ-ബോധവത്ക്കരണ ക്ലാസ്

ബോട്ടണി വിഭാഗത്തിന്റെയും ബയോഡൈവേർസിറ്റി ക്ലബ്ബിന്റെയും സംയുക്താഭിമുഖ്യത്തിൽ കർക്കടക കഞ്ഞിയുടെയും സിദ്ധചികിത്സയുടെയും പ്രാധാന്യം എന്ന വിഷയത്തിൽ ഓൺലൈൻ ബോധവത്ക്കരണ ക്ലാസ് നടത്തി. സിദ്ധചികിത്സാ വിദഗ്ധ ഡോ. അശ്വതി എസ്. തമ്പാൻ ക്ലാസ്സെടുത്തു. പ്രിൻസിപ്പൽ ഡോ. നിഷ ജെ. തറയിൽ അദ്ധ്യക്ഷയായി. കേരള സർവകലാശാല സെനറ്റംഗവും ബോട്ടണി വിഭാഗം അദ്ധ്യാപകനുമായ ഡോ. എസ്. ശേഖരൻ, സുവോളജി വിഭാഗം അദ്ധ്യാപിക ഡോ. വി.എസ്. നിഷ, ഡോ. നിലീന സി.ബി., അർച്ചന എന്നിവർ സംസാരിച്ചു.

## മലയാളം വെബിനാർ

കേരളപ്പിറവിയോടനുബന്ധിച്ച് മലയാള വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 'മാതൃഭാഷ സംസ്ക്കാരത്തിന്റെ ആധാരം' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. എഴുത്തുകാരനും തിരുവനന്തപുരം മാർ ഇവാനിയോസ് കോളജ് റിട്ട. പ്രൊഫസറുമായ ഡോ. ജോർജ്ജ് ഓണക്കൂർ വെബിനാറിൽ മുഖ്യപ്രഭാഷണം നടത്തി. പ്രിൻസിപ്പാൾ ഡോ. നിഷ ജെ.തറയിൽ അദ്ധ്യക്ഷത വഹിച്ചു. ഡോ. ആർ.എസ്. ജയ, ഡോ. രമ്യ എന്നിവർ പ്രസംഗിച്ചു.

# ഡയലക്ടിക്സ് 2021

ശ്രീനാരായണ വനിതാകോളജ് IQAC യുടെയും വിവിധ പഠനവകുപ്പുകളുടെയും സംയുക്താഭിമുഖ്യത്തിൽ 2021 മേയ് 21 മുതൽ 30 വരെ ഡയലക്ടിക്സ് 2021 വെബിനാർ സംഘടിപ്പിച്ചു. വിവിധ വിഷയങ്ങളിൽ പ്രഗത്ഭ വ്യക്തികൾ നയിച്ച വെബിനാർ ബഹുവിധ വിജ്ഞാനമേഖലകളുടെ സംഗമവേദിയായി.

## സംഗീതവിഭാഗം വെബിനാർ

ഡയലക്ടിസ് 2021 വെബിനാർ പരമ്പരയുടെ ഭാഗമായി 23-5-2021 ൽ മ്യൂസിക് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ Techniques in improvisation and voice culture എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. പ്രമുഖ കർണ്ണാടക സംഗീതജ്ഞനായ പ്രിൻസ് രാമവർമ്മ മുഖ്യ പ്രഭാഷണം നടത്തി. പ്രിൻസിപ്പാൾ ഡോ. നിഷ ജെ. തറയിൽ അദ്ധ്യക്ഷത വഹിച്ചു. മ്യൂസിക് വിഭാഗം അദ്ധ്യാപകരായ ശ്വേതമോഹൻ, ഡോ. അപർണ്ണ സുധീർ എന്നിവർ പ്രസംഗിച്ചു.

## ചരിത്രവിഭാഗം വെബിനാർ

ഡയലക്ടിക്സ് 2021 നോട് അനുബന്ധിച്ച് ചരിത്രവിഭാഗം വെബിനാർ സംഘടിപ്പിച്ചു. Verboten Spaces Muffled Voices Contemplating Marginality of Defying Heroins in Early South Indian Folklore ആയിരുന്നു വെബിനാറിന്റെ വിഷയം. കാലിക്കറ്റ് യൂണിവേഴ്സിറ്റി ഹിസ്റ്ററി വിഭാഗം പ്രൊഫസർ ഡോ. എ. മുഹമ്മദ് മാഹിർ വെബിനാറിൽ മുഖ്യപ്രഭാഷണം നടത്തി. കോളജ് പ്രിൻസിപ്പാൾ ഡോ. നിഷ ജെ. തറയിൽ, അദ്ധ്യക്ഷത വഹിച്ച വെബിനാറിൽ ചരിത്രവിഭാഗം അദ്ധ്യാപകരായ ലാലിനി എം. സ്വാഗതവും മണി വി. നന്ദിയും പറഞ്ഞു.

## ബോട്ടണിവിഭാഗം വെബിനാർ

ബോട്ടണി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഡയലക്ടിക്സ് 2021 നോട് അനുബന്ധിച്ച് പ്രമേഹം ഒരു നിശ്ശബ്ദ കൊലയാളി (Diabetes a silent killer) എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. വിപ്സ്ക്രോസ് ഹോസ്പിറ്റൽ ലണ്ടൻ കൺസൾട്ടന്റ് എൻഡോക്രൈനോളജിസ്റ്റ് ഡോ. ദീപാചന്ദ്രൻ വിഷയാവതരണം നടത്തി. പ്രിൻസിപ്പാൾ ഡോ. നിഷ ജെ. തറയിൽ അദ്ധ്യക്ഷത വഹിച്ച വെബിനാറിൽ എസ്.എൻ.ട്രസ്റ്റ് റിസർച്ച് ഓഫീസറും വിവിധ എസ്.എൻ. കോളജുകളുടെ മുൻപ്രിൻസിപ്പാളുമായിരുന്ന ഡോ. ആർ.രവീന്ദ്രൻ, കേരള സർവകലാശാലാ സെനറ്റ് അംഗം ഡോ. എസ്. ശേഖരൻ എന്നിവർ ആശംസകളർപ്പിച്ചു. ബോട്ടണി വിഭാഗം അദ്ധ്യാപിക ഡി. ദേവിപ്രിയ നന്ദി പറഞ്ഞു.

## കൾചറൽ ആർട്ടിഫാക്ടോളജി വെബിനാർ

ഡയലക്ടിക്സ് 2021 നോട് അനുബന്ധിച്ച് മലയാളവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 27-05-2021 ന് കൾചറൽ ആർട്ടിഫാക്ടോളജി വെബിനാർ സംഘടിപ്പിച്ചു. കേരള സർവകലാശാലാ മലയാള വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. എം.എ. സിദ്ധിക് മുഖ്യപ്രഭാഷണം നടത്തി. പ്രിൻസിപ്പാൾ ഡോ. നിഷ ജെ. തറയിൽ അദ്ധ്യക്ഷത വഹിച്ച വെബിനാറിൽ എസ്. എൻ. ട്രസ്റ്റ് റിസർച് ഓഫീസർ ഡോ. ആർ.രവീന്ദ്രൻ, മലയാളവിഭാഗം അദ്ധ്യക്ഷ ഡോ. ലക്ഷ്മി വി.എസ്, വെബിനാർ കോർഡിനേറ്റർ ഡോ. വിദ്യ സി.ആർ, ഡോ. രമ്യ എന്നിവർ പ്രസംഗിച്ചു.

## യാത്രയയപ്പ്

മലയാളവിഭാഗത്തിൽ നിന്നു വിരമിച്ച അസോസിയേറ്റ് പ്രൊഫസർ ഡോ. ആർ.എസ്.ജയ, സുവോളജി വിഭാഗത്തിൽ നിന്നു വിരമിച്ച അസോസിയേറ്റ് പ്രൊഫസർ ഡോ. ശ്രീജ എന്നിവർക്ക് സ്റ്റാഫ് അസോസിയേഷന്റെ നേതൃത്വത്തിൽ യാത്രയയപ്പ് നൽകി.





## ഹിന്ദിവിഭാഗം ഏകദിനവെബിനാർ

ഹിന്ദിവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 'ഹിന്ദി ചെറുകഥകളിലെ സൈബർ സ്വാധീനം' എന്ന വിഷയത്തിൽ 25-06-2021 ൽ ഏകദിനവെബിനാർ സംഘടിപ്പിച്ചു. കൊളംബോ യൂണിവേഴ്സിറ്റി NIELT വിസിറ്റിംഗ് ലക്ചറർ Lanskara Mudiyan Selage Ridma Nishadinee Lanskara വെബിനാറിൽ മുഖ്യപ്രഭാഷണം നടത്തി.

## അമൃതവർഷിണി 2021




വനിതാദിനാഘോഷത്തോടനുബന്ധിച്ച് മ്യൂസിക് വിഭാഗം അദ്ധ്യാപകരും വിദ്യാർത്ഥിനികളും കൊല്ലം ട്രാവ്കൂർ മെഡിസിറ്റിയിൽ 8-3-2021 ൽ 'അമൃതവർഷിണി' സംഗീത പരിപാടി അവതരിപ്പിച്ചു. ഡി.റ്റി.പി.സി. സെക്രട്ടറി എം.ആർ ജയഗീത പരിപാടിയിൽ മുഖ്യാതിഥി ആയിരുന്നു.

## പച്ചക്കറിക്കിറ്റ് വിതരണം



പങ്കാളിത്തഗ്രാമമായ കൊറ്റങ്കര പഞ്ചായത്ത് 16-ാം വാർഡിലെ നൂറു വീടുകളിൽ എൻ.എസ്.എസ്സിന്റെ ആഭിമുഖ്യത്തിൽ പച്ചക്കറിക്കിറ്റ് വിതരണം ചെയ്തു. വാർഡ് മെമ്പർ സജിമോൾക്ക് കിറ്റുകൾ നൽകി പ്രിൻസിപ്പാൾ ഡോ. നിഷ ജെ. തറയിൽ കിറ്റ്വിതരണം ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും പങ്കാളിത്തത്തോടെ നടത്തിയ പരിപാടിയിൽ എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാരായ ഡി. ദേവിപ്രിയ, എസ്. പ്രദീപ് എന്നിവരും എൻ.എസ്.എസ്. വോളന്റിയർമാരും പങ്കെടുത്തു.

## റീഡിംഗ് ആന്റ് ലിറ്റററി ക്ലബ് വെബിനാർ

വായനവാരാചരണത്തോടനുബന്ധിച്ച് റീഡിംഗ് ആന്റ് ലിറ്റററി ക്ലബും മലയാളവിഭാഗവും സംയുക്തമായി 19-6-2021 ന് 'വൈറസിന്റെ കാലത്തെ വായന' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. കേരള സർവ്വകലാശാല മലയാളവിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. ടി.കെ. സന്തോഷ്കുമാർ മുഖ്യപ്രഭാഷണം നടത്തി. പ്രിൻസിപ്പാൾ ഡോ. നിഷ ജെ.തറയിൽ അദ്ധ്യക്ഷത വഹിച്ച വെബിനാറിൽ കോർഡിനേറ്റർ ഡോ. ലക്ഷ്മി വി.എസ്. സ്വാഗതമാശംസിച്ചു. ഡോ. രമ്യ നന്ദി പറഞ്ഞു.

## EVOLUTION OF CONTEMPORARY HINDI LITERATURE

ഹിന്ദിവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 28-05-2021 ന് 'Evolution of contemporary Hindi literature' വെബിനാർ സംഘടിപ്പിച്ചു. കൊളംബോ യൂണിവേഴ്സിറ്റി CCIS ഡയറക്ടർ Upul Ranjith Hewawitanagmage മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് കുസാറ്റ് മുൻവൈസ്ചാൻസലറും ഹിന്ദി വിഭാഗം അദ്ധ്യക്ഷനുമായ ഡോ. ആർ. ശശിധരൻ ക്ലാസ്സെടുത്തു.

## ഫിസിക്സ്‌വിഭാഗം വനിതാദിനാഘോഷം

ഫിസിക്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ അന്തർദേശീയ വനിതാദിനാഘോഷം നടത്തി. കേരളസർവകലാശാല ഫിസിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. രാഖി ആർ.ബി. Women in Science എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി.



ഇന്റർകൊളീജിയേറ്റ് കായികമത്സരത്തിൽ പവർലിഫ്റ്റിംഗിൽ സ്വർണ്ണമെഡലും റെസ്‌ലിംഗിൽ വെള്ളിമെഡലും നേടിയ വിസ്മിത. മൂന്നാംവർഷ ഫിസിക്സ് വിഭാഗം വിദ്യാർത്ഥിനിയാണ്.



ബോക്സിംഗിൽ സ്വർണ്ണമെഡൽ നേടിയ എലിസബത്ത് സിനു



കേരള യൂണിവേഴ്സിറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച നവകേരളം യുവകേരളം cm@campus എന്ന പരിപാടിയിൽ പങ്കെടുത്ത അക്ഷര എസ്.ബി. രണ്ടാംവർഷ ഫിസിക്സ് വിഭാഗം വിദ്യാർത്ഥിനിയാണ്.

## എക്കണോമിക്സ് വെബിനാർ

പോസ്റ്റ് കോവിഡ് ഗ്ലോബൽ എക്കോണമി വെബിനാർ എക്കണോമിക്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ Post Covid Global Economy: Challenges and Oppertunities for India എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. റിസർവ് ബാങ്ക് അസിസ്റ്റന്റ് അഡ്വൈസറും ബ്രിട്ടീഷ് കൊളമ്പിയ യൂണിവേഴ്സിറ്റി ഗവേഷകനുമായ ജി.വി. നഥാൽ മുഖ്യപ്രഭാഷണം നടത്തി.

## കേരള യൂണിവേഴ്സിറ്റി 2021 ബിരുദപരീക്ഷയിലെ റാങ്ക് ജേതാക്കൾ



**ശ്രീപാർവ്വതി എസ്.**
ബി.എസ്.സി. ജ്യോഗ്രഫി
ഒന്നാം റാങ്ക്



**നിസി എ. ബോവസ്**
ബയോകെമിസ്ട്രി & ഇൻഡസ്ട്രിയൽ മൈക്രോബയോളജി
രണ്ടാം റാങ്ക്



**അനുഷ ആർ.എസ്.**
ബി.എ. ഇംഗ്ലീഷ്
രണ്ടാം റാങ്ക്

## The Mystery of Lunar Environment

ദേശീയ ശാസ്ത്രദിനത്തോടനുബന്ധിച്ച് ഫിസിക്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സെമിനാർ സംഘടിപ്പിച്ചു. സെമിനാറിൽ 'The mystery of Lunar Environment' എന്ന വിഷയത്തിൽ ആലപ്പുഴ എസ്.ഡി. കോളജ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. രാകേഷ് ചന്ദ്രൻ പ്രഭാഷണം നടത്തി. ശാസ്ത്രദിനാഘോഷങ്ങളോടനുബന്ധിച്ച് പവർപോയിന്റ് പ്രസന്റേഷൻ മത്സരം, സയൻസ് ഫിക്ഷൻ മത്സരം, ഉപന്യാസമത്സരം എന്നിവ നടത്തി.



**അഞ്ജലി എം.ജെ.**
മ്യൂസിക് ബി.എ.
നാലാം റാങ്ക്



**ലിജിരാജ്**
ബി.എസ്.സി. ഹോംസയൻസ്
നാലാം റാങ്ക്



**ആതിര പി.**
ബി.എ. മലയാളം
ഏഴാം റാങ്ക്



കേരള യൂണിവേഴ്സിറ്റി 2021-ൽ നടത്തിയ MSc. ഫിസിക്സ് പരീക്ഷയിൽ അഞ്ചാം റാങ്ക് നേടിയ **നയനകുമാരി എൻ.**

## റാങ്കുകളുടെ പെരുമയിൽ ഹിന്ദിവിഭാഗം

കേരള യൂണിവേഴ്സിറ്റി 2021 ബി.എ. പരീക്ഷയിൽ ആറ് റാങ്കുകൾ നേടി ഹിന്ദിവിഭാഗം കോളേജിന്റെ അഭിമാനമായി. രാജിക ആർ. (രണ്ടാം റാങ്ക്), സ്നേഹാ ലാൽ (മൂന്നാം റാങ്ക്), ഉത്കർഷ (നാലാം റാങ്ക്), രേഷ്മ രമേശൻ (അഞ്ചാം റാങ്ക്), മേഘ ആർ.എസ്. (ആറാം റാങ്ക്), ഷെറിൻ ജോൺ (എട്ടാം റാങ്ക്)



രാജിക ആർ.
(രണ്ടാം റാങ്ക്)



സ്നേഹാ ലാൽ
(മൂന്നാം റാങ്ക്)



ഉത്കർഷ
(നാലാം റാങ്ക്)



രേഷ്മ രമേശൻ
(അഞ്ചാം റാങ്ക്)



മേഘ ആർ.എസ്.
(ആറാം റാങ്ക്)



ഷെറിൻ ജോൺ
(എട്ടാം റാങ്ക്)



കേരള യൂണിവേഴ്സിറ്റി കബഡി വിമൻസ് ചാമ്പ്യൻഷിപ്പ് നേടിയ കൊല്ലം എസ്.എൻ. വനിതാ കോളേജ് ടീം.




കേരള യൂണിവേഴ്സിറ്റി വനിതാവിഭാഗം വെയ്റ്റ്ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പ് (2020–21) നേടിയ എസ്.എൻ. വനിതാ കോളേജ് ടീം.



NCC swacchta pakhwada cleanliness drive at Kollam beach



Tree plantation pakhwada



സംഗീതവിഭാഗം- ത്യാഗരാജ ആരാധന



കോവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ച് റിപ്പബ്ലിക് ദിനാഘോഷം



കേരളപ്പിറവിദിനം



എൻ.എസ്.എസ്സിനെ പ്രതിനിധീകരിച്ച് 2021 റിപ്പബ്ലിക്ദിന പരേഡ് ക്യാമ്പിൽ പങ്കെടുത്ത ഭാഗ്യാമോഹൻ. മൂന്നാം വർഷ ഇംഗ്ലീഷ് വിഭാഗം വിദ്യാർത്ഥിനിയാണ്



കേരള യൂണിവേഴ്സിറ്റി ഇന്റർകൊളീജിയറ്റ് റോൾബോൾ ചാമ്പ്യൻഷിപ്പ് ഒന്നാം സ്ഥാനവും റസ്‌ലിംഗ് ചാമ്പ്യൻഷിപ്പിൽ രണ്ടാംസ്ഥാനവും നേടിയ ലീനു. രണ്ടാംവർഷ ജ്യോഗ്രഫി വിദ്യാർത്ഥിനി.



ബയോകെമിസ്ട്രിയിൽ Ph.D. നേടിയ ഡോ. രമ്യ എ.എസ്.



Economic Consequences of Water Scarcity Among Households എന്ന വിഷയത്തിൽ Ph.D. നേടിയ ഡോ. പ്രഭാവതി സി. എക്കണോമിക്സ് വിഭാഗം അദ്ധ്യാപികയാണ്.



കെമിസ്ട്രിയിൽ Ph.D. നേടിയ ഡോ. രഞ്ജിനി എസ്.



Biosynthesis Characterisation and Application of Cerium Oxide Nano Particles എന്ന വിഷയത്തിൽ Ph.D. നേടിയ ഡോ. പ്രഭാജ്യോതി. ഫിസിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറാണ്.



കെമിസ്ട്രിയിൽ Ph.D. നേടിയ ഡോ. അരുണിമ എസ്.ആർ.



In Pursuit of Safe Heavens: A probe into the Informed Investment Decisions by Expatriate Indian Women Working in Oman എന്ന വിഷയത്തിൽ Ph.D. നേടിയ ഡോ. ബേണി ബി. രാജ്. കൊമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറാണ്



കൊറോഷൻ പ്രതിരോധത്തിനുള്ള അലൂമിനിയം അലോയ് ആനോഡ് വികസിപ്പിച്ചതിന് ഇന്ത്യൻ പേറ്റന്റ് ലഭിച്ച ഡോ. അർച്ചന എസ്. ആർ. കെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറാണ്.



ഇന്റർനാഷണൽ അസ്സോസിയേഷൻ ഓഫ് റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് ഓർഗനൈസേഷന്റെ അക്കാഡമിക് എക്സലൻസ് ഫോർ ബെസ്റ്റ് ടീച്ചർ അവാർഡ് നേടിയ അശ്വതി എസ്.എം. ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറാണ്.

Dhwani, News Letter, Sree Narayana College for Women, Kollam, Owned, Edited & Published by Dr. Nisha J. Tharayil, Principal, Sree Narayana College for Women, Kollam. Editor: Dr. Lekshmi V.S., Asst. Professor, Department of Malayalam (for private circulation only)